**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1797** **11-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ വാഹനങ്ങളുടെ നിയമലംഘനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഉദ്യോഗസ്ഥർ അവരുടെ തസ്തിക വ്യക്തമാക്കുന്ന ബോർഡുകൾ വാഹനത്തിൽ പ്രദർശിപ്പിക്കുമ്പോൾ കേരള സർക്കാർ/ഗവൺമെന്റ് ഓഫ് കേരള എന്ന പദവും ചേർത്ത് ബോർഡുകൾ സ്ഥാപിക്കുന്നത് വിലക്കിയിട്ടും അത്തരം ബോർഡുകൾ വച്ച വാഹനങ്ങൾ നിരത്തുകളിൽ സഞ്ചരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇപ്രകാരമുള്ള നിയമ ലംഘനങ്ങൾക്ക് പിഴ ഈടാക്കാൻ വ്യവസ്ഥ ഉണ്ടോയെന്നും ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോയെന്നും നിയമ ലംഘനങ്ങൾ കണ്ടെത്തിയാൽ വിവരം അറിയിക്കുന്നതിന് വാട്ട്സ് ആപ്പ് നമ്പറുകൾ നിലവിലുണ്ടോയെന്നും അറിയിക്കുമോ; വിശദാംശം നൽകാമോ; | (ബി) | പിഴ ഈടാക്കാൻ വ്യവസ്ഥയുണ്ട്. ട്രാൻസ്പോർട്ട് കമ്മീഷണറുടെ പരാതി പരിഹാര സെല്ലിൽ (9188961100) ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യാൻ സാധിക്കുന്നതാണ്. കൂടാതെ ട്രാഫിക് നിയമലംഘനങ്ങൾ പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് കേരള പോലീസിന്റെ ശുഭയാത്രാ പദ്ധതി പ്രകാരം 9747001099 എന്ന വാട്ട്സാപ്പ് നമ്പറിലേയ്ക്ക് ട്രാഫിക് നിയമലംഘനങ്ങളുടെ ഫോട്ടോ/വീഡിയോ അയച്ചുനല്കി പരാതിപ്പെടാവുന്നതാണ്. |
| (സി) | സർക്കാർ/പോലീസ്/മോട്ടോർ വാഹന വകുപ്പിന്റേത് അടക്കമുള്ള നിരവധി സർക്കാർ വാഹനങ്ങളിൽ ഗ്ലാസ്സുകളിൽ നിയമാനുസൃതമല്ലാത്ത തരത്തിലുള്ള കൂളിംഗ് സ്റ്റിക്കറുകൾ, കർട്ടനുകൾ, അശാസ്ത്രീയമായ എൽ.ഇ.ഡി ലൈറ്റുകൾ, ഹോണുകൾ തുടങ്ങിയവ സ്ഥിരമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വാഹനങ്ങൾക്ക് പിഴ ഈടാക്കാറുണ്ടോ; ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തിയാൽ വിവരം അറിയിക്കുന്നതിന് വാട്ട്സ് ആപ്പ് നമ്പറുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻവശത്തും പിൻവശത്തുമുള്ള വിൻഡ് സ്ക്രീനുകളുടെ സുതാര്യത 70 ശതമാനത്തിലും സൈഡ് വിൻഡോ ഗ്ലാസ്സുകളുടെ സുതാര്യത 50 ശതമാനത്തിലും കുറയാത്ത രീതിയിൽ സേഫ്റ്റി ഗ്ലേസിങ് മെറ്റീരിയൽ ഫിലിം ഒട്ടിക്കാമെന്ന് ബഹു. കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. അശാസ്ത്രീയമായ എൽ ഇ ഡി ലൈറ്റുകൾ ഘടിപ്പിക്കുന്നതിനെതിരെ നിയമനടപടികൾ സ്വീകരിക്കാറുണ്ട്. ട്രാൻസ്പോർട്ട് കമ്മീഷണറുടെ പരാതിപരിഹാര സെല്ലിന്റെ മൊബൈൽ നമ്പറിലേക്കും ആ ർ ടി ഒ /എൻഫോഴ്സ്മെന്റ് ആർ ടി ഒ / ജോയിന്റ് ആർ ടി ഒ എന്നിവർക്ക് ലഭ്യമാക്കിയിരിക്കുന്ന മൊബൈൽ നമ്പറുകളിലേക്കും |

| | | | |
|---|---|---|---|
| | | | വാട്ട്സ് ആപ്പ് സന്ദേശങ്ങൾ അയക്കാവുന്നതാണ്. കൂടാതെ ട്രാഫിക് നിയമലംഘനങ്ങൾ പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് കേരള പോലീസിന്റെ ശുഭയാത്രാ പദ്ധതി പ്രകാരം 9747001099 എന്ന വാട്ട്സാപ്പ് നമ്പറിലേക്ക് ട്രാഫിക് നിയമലംഘനങ്ങളുടെ ഫോട്ടോ/വീഡിയോ അയച്ചു നല്കി പരാതിപ്പെടാവുന്നതാണ്. |
| (ഡി) | പോലീസ്/മോട്ടോർ വാഹന വകുപ്പ് അടക്കമുള്ള മുഴുവൻ സർക്കാർ വാഹനങ്ങൾക്കും ഫിറ്റ്നസ്, ഇൻഷുറൻസ്, പുക പരിശോധന സർട്ടിഫിക്കറ്റ് മുതലായ സ്വകാര്യ വാഹനങ്ങൾക്ക് ബാധകമായ മുഴുവൻ രേഖകളും ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) | സർക്കാർ വാഹനങ്ങൾക്ക് ഫിറ്റ്നസ്, ഇൻഷുറൻസ്, പുക പരിശോധന സർട്ടിഫിക്കറ്റ് തുടങ്ങിയ നിയമാനുസൃതമായ രേഖകൾ ഉണ്ടെന്ന് അതാത് വകുപ്പ് തലവൻമാർ ഉറപ്പുവരുത്തേണ്ടതാണ്. നിയമാനുസൃതമായ രേഖകൾ ഇല്ലാത്ത സർക്കാർ വാഹനങ്ങളുടെ വിവരം ഗതാഗത വകുപ്പിൽ സമാഹരിച്ച് സൂക്ഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ